**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 640** | **2/12/2014 ൽ മറുപടിയ്ക്ക്**

**കശുവണ്ടി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (ബഹു.വ്യവസായവുംവിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ കാഷ്യൂ ഫാക്ടറി മാനേജ്മെന്റ്, കശുവണ്ടി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) | കശുവണ്ടി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധന നടത്തി വരികയാണ്. നാളിതുവരെ 180-ഓളം ഫാക്ടറികളിൽ പരിശോധന നടത്തുകയും നിയമ ലംഘനങ്ങൾ പരിഹരിച്ചെന്ന് ബോധ്യമായ ഫാക്ടറികൾക്കെതിരായ നടപടികൾ അവസാനിപ്പിക്കുകയും അവശേഷിക്കുന്ന ഫാക്ടറികൾ ക്കെതിരെ തുടർ നിയമ നടപടികൾ സ്വീകരിച്ചും വരികയുമാണ്. |
| (ബി) കാഷ്യൂ സ്പെഷ്യൽ ഓഫീസർ കാഷ്യൂ ഫാക്ടറികളിൽ നടക്കുന്ന നിയമ നിഷേധം സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | കശുവണ്ടി ഫാക്ടറികളിൽ നടക്കുന്ന നിയമ നിഷേധത്തിനെതിരെ കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധന നടത്തി വരുകയാണ്. നാളിതുവരെ 180-ഓളം ഫാക്ടറികളിൽ പരിശേധന നടത്തുകയും ഫാക്ടറി നിയമത്തിന്റെ ലംഘനങ്ങൾ കണ്ടെത്തിയ ഫാക്ടറി ഉടമയ്ക്കെതിരെ ഫാക്ടറി നിയമ പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട് നൽകുകയും പ്രസ്തുത നിയമ |

ലംഘനങ്ങൾ പരിഹരിച്ച ഫാക്ടറികൾക്കെതിരെ തുടർ നിയമ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു. യാതൊരു നടപടികളും കൈക്കൊള്ളാത്ത ഫാക്ടറികൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. അത്തരത്തിൽ നോട്ടീസ് നൽകിയ ഫാക്ടറികൾ, നിശ്ചിത ദിവസത്തിനകം നടപടികൾ കൈക്കൊള്ളുന്നതാണെന്നും സാവകാശം അനുവദിക്കണമെന്നും അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഫാക്ടറികൾക്ക് ന്യൂനതാ പരിഹാരത്തിന് ന്യായമായ സാവകാശം അനുവദിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്ത ഫാക്ടറികൾക്കെതിരെ തുടർ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു. എന്നാൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷവും യാതൊരുവിധ നടപടികളും സ്വീകരിക്കാത്ത ഫാക്ടറികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) നിയമനിഷേധം നടത്തുന്ന മാനേജ്മെന്റിനെതിരെ കേസുകൾ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

(സി) നിയമനിഷേധം നടത്തുന്ന മാനേജ്മെന്റുകൾക്കെതിരെ അന്യായം ഫയൽ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അന്യായം ഫയൽ ചെയ്ത ഒരു കേസിൽ ആലപ്പുഴ ജില്ലയിലെ താമരക്കുളത്ത് സ്ഥിതി ചെയ്യുന്ന യൂണിവേഴ്സൽ ഫുഡ്സ് കശുവണ്ടി ഫാക്ടറി ഉടമയ്ക്ക് ബഹു. ആലപ്പുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി നിയമ ലംഘനത്തിന് 90,000/- രൂപാ പിഴയും ഒരു ദിവസത്തെ തടവിനും ശിക്ഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ